നവകേരളം കർമപദ്ധതി

# നവകേരളം വാർത്ത

2025 മാർച്ച് വാല്യം 1

ന്യൂസ് ലെറ്റർ

ഓൺലൈൻ

49

## കേരള പി.എസ്.സി. ഓഫീസുകൾ ഹരിത ഓഫീസുകളായി

കേരള പി.എസ്.സി. മ്യൂസിയത്തിന്റെ ഉദ്ഘാടനവും പി.എസ്.സി. ഓഫീസുകൾ ഹരിത ഓഫീസുകളാകുന്നതിന്റെ പ്രഖ്യാപനവും മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. പി.എസ്.സിയുടെ ആസ്ഥാനവും മൂന്ന് മേഖലാ ഓഫീസുകളും 14 ജില്ലാ ഓഫീസുകളും ഹരിത ഓഫീസുകളായി മാറി.

സംസ്ഥാനത്ത് നല്ല രീതിയിലുള്ള ഇടപെടലാണ് മാലിന്യനിർമ്മാർജനവുമായി ബന്ധപ്പെട്ട് നടക്കുന്നതെന്നും 'മാലിന്യമുക്തം നവകേരളം' എന്ന മുദ്രാവാക്യം സൂചിപ്പിക്കുന്നതുപോലെ മാലിന്യ സംസ്കരണത്തിന് വലിയ പ്രാധാന്യമാണ് നാം നൽകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. മാലിന്യ സംസ്കരണ രീതികൾ പലയിടത്തും നല്ല നിലക്ക് നടത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നടക്കുമ്പോൾ നമ്മുടെ സർക്കാർ സ്ഥാപനങ്ങളും അതിനോട് ചേർന്ന് പ്രവർത്തിക്കുകയാണ്. അതിന്റെ ഭാഗമായാണ് പി.എസ്.സിയുടെ 14 ജില്ലാ ഓഫീസുകളും 3 മേഖലാ ഓഫീസുകളും പി.എസ്.സി. ആസ്ഥാനവും ഹരിത ക്യാമ്പസുകളാക്കി മാറ്റിയത്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ എല്ലാ ജീവനക്കാരുടെയും സഹകരണം ഉണ്ട് എന്നത് നല്ല കാര്യമാണ്. തുടർന്നും ആ പിന്തുണയുണ്ടാകണമെന്ന് മുഖ്യമന്ത്രി ഓർമിപ്പിച്ചു. വി.കെ. പ്രശാന്ത് എം.എൽ.എ., ഡെപ്യൂട്ടി മേയർ പി.കെ. രാജു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, കേരള പി.എസ്.സി. ചെയർമാൻ എം.ആർ. ബൈജു, നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.




## 'കേരള കെയർ' പാലിയേറ്റീവ് കെയർ ഗ്രിഡ് : മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു

പാലിയേറ്റീവ് പരിചരണം ഏകോപിപ്പിക്കുന്നതിനുള്ള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ 'കേരള കെയർ' പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ലോഞ്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് എന്നിവർ സന്നിഹിതരായി.

കേരളം പാലിയേറ്റീവ് പരിചരണ രംഗത്ത് നടത്തുന്ന സുപ്രധാന ഇടപെടലുകളിലൊന്നാണ് പാലിയേറ്റീവ് കെയർ ഗ്രിഡ്. പുതിയ രോഗികളെ രജിസ്റ്റർ ചെയ്ത് തുടർ പരിചരണം നൽകൽ, സന്നദ്ധ പ്രവർത്തകരുടെ രജിസ്ട്രേഷനും പരിശീലനവും, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സൗകര്യം, പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാന, ജില്ലാ, പഞ്ചായത്ത്, വാർഡ് തലങ്ങളിൽ ഡാഷ് ബോർഡ്, പൊതുജനങ്ങൾക്കുള്ള ഡാഷ് ബോർഡ് എന്നിവയാണ് പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെ നിർവഹിക്കുന്നത്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിലാണ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്.



ഈ സർക്കാരിന്റെ കാലത്ത് കേരളത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന അഭിനന്ദിച്ചിരുന്നു. മാത്രവുമല്ല കേരളത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളെ ലോകാരോഗ്യ സംഘടന മാതൃകയായി അംഗീകരിച്ചിട്ടുമുണ്ട്. നവകേരളം കർമപദ്ധതി 2 ആർദ്രം മിഷനിലെ പത്ത് പ്രധാന പ്രവർത്തന മേഖലകളിലൊന്നാണ് പാലിയേറ്റീവ് കെയർ. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ പ്രകാരമാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചത്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെയാണ് പാലിയേറ്റീവ് പരിചരണം നടപ്പിലാക്കി വരുന്നത്.

ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ ശ്രീറാം സാംബശിവറാവു, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ഡോ. ബിപിൻ ഗോപാൽ, ഡോ. മഹേഷ്, ഡോ. മാത്യൂസ് നമ്പേലി, കെ.എം. സീന, പ്യൂപ്പിൾഫസ്റ്റ് ഹെഡ് ഓഫ് ഡിജിറ്റൽ പബ്ലിക് ഗുഡ്സ് ബോധിഷ് തോമസ്, സോഷ്യൽ പോളിസി ഹെഡ് രഞ്ജിത് ബാലാജി എന്നിവർ പങ്കെടുത്തു.

# എഡിറ്റോറിയൽ

## വനമേഖലയിലെ മാലിന്യ പരിപാലനം



സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ലക്ഷ്യത്തോടടുക്കുകയാണ്. സമസ്ത ജനവിഭാഗങ്ങളെയും ഈ ക്യാമ്പയിനിൽ അണിനിരത്താനായത് ശ്രദ്ധേയമായ കാര്യമാണ്. മാലിന്യ പരിപാലന രംഗത്ത് അധികം ശ്രദ്ധ ചെലുത്താതിരുന്ന ഒരിടമാണ് ജനവാസ മേഖലകളോടു ചേർന്നുള്ള വനപ്രദേശം. എന്നാൽ ജനകീയ ക്യാമ്പയിൻ പ്രവർത്തനം വനമേഖലയിലെ മാലിന്യ പ്രശ്നങ്ങളിലും എത്തുകയാണ്. ഇതിനായി വനം വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ ഹരിത കേരളം മിഷന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന കർമപരിപാടി ജനവാസമേഖലയോട് ചേർന്നു കിടക്കുന്ന വനമേഖലയിലെ ശുചിത്വ-മാലിന്യ സംസ്കരണ പ്രശ്നങ്ങൾക്ക് പരിഹാരം കൊണ്ടുവരും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയും ഇക്കാര്യത്തിലുണ്ടാകും. വനമേഖലയിലെ മാലിന്യ പരിപാലനത്തെക്കുറിച്ച് വനസംരക്ഷണ സമിതികൾക്ക് പരിശീലനം നൽകാനായി മാസ്റ്റർ ട്രെയിനർമാർക്ക് വേണ്ടി ഹരിതകേരളം മിഷനും വനം വന്യജീവി വകുപ്പും സംയുക്തമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഹരിത പഠന കളരിയും തുടർ പ്രവർത്തനങ്ങളും ഏറെ പ്രതീക്ഷ നൽകുകയാണ്.

വനമേഖലയിൽ വസിക്കുന്നവർക്കൊപ്പം ഇവിടേയ്ക്കെത്തുന്ന സഞ്ചാരികളുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. കാരണം വനമേഖലയിലെ ടൂറിസം കേന്ദ്രങ്ങൾ വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണങ്ങളിൽപെട്ടതാണല്ലോ.

ദീർഘദൂരം വനപ്രദേശത്തുകൂടി പോകുന്ന റോഡുകൾ ഹരിത ഇടനാഴികളാക്കി വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കണം. വനമേഖലയ്ക്കുള്ളിലെ വിനോദ സഞ്ചാര പ്രദേശങ്ങളിലേയ്ക്ക് ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കൾ ഒന്നും കടന്നുവരുന്നില്ലെന്ന് ഉറപ്പാക്കണം. ജനവാസ മേഖലകൾക്കു സമീപമുള്ള വനപ്രദേശങ്ങളിൽ ജൈവ മാലിന്യം നിക്ഷേപിക്കുന്നത് വന്യജീവികളെ ആകർഷിക്കുന്നതിനും അതുവഴി ജനവാസ മേഖലകളിൽ വന്യജീവി ശല്യം ഉണ്ടാകുന്നതിനും കാരണമാകുന്നുണ്ട്. ഇത്തരം പ്രദേശങ്ങളിലെ മാലന്യ സംസ്കരണത്തിനായി പ്രത്യേക സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് തയ്യാറാക്കാവുന്നതാണ്. ഇതിൽ വനസംരക്ഷണ സമിതികൾക്കും പങ്കാളികളാകാം. തദ്ദേശ വാസികൾ അല്ലാത്തവർ മാലിന്യം കൊണ്ടുവന്ന് നിക്ഷേപിക്കുകയാണെങ്കിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ, ജനകീയ വിജിലൻസ് തുടങ്ങിയ സംവിധാനം സജ്ജമാക്കി നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കണം.

നമ്മുടെ പ്രകൃതി വിഭവങ്ങളിൽ അതുല്യസ്ഥാനമാണ് കാടുകൾക്കുള്ളത്. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ വനങ്ങളുടെ പങ്ക് സുപ്രധാനമാണ്. പരിസ്ഥിതിയുടെ നിലനിൽപുമായി ബന്ധപ്പെട്ടാണ് മനുഷ്യന്റെ നിൽപ് എന്നതിനാൽ വനമേഖലയിലെ മാലിന്യ പരിപാലനം ഒഴിച്ചുകൂടാനാവാത്തതാണ്. ഇത് നമ്മുടെ പ്രധാന കടമയായി മാറേണ്ടതുണ്ട്.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

## വനമേഖലയിൽ മാലിന്യമുക്ത കേരളത്തിന്റെ മാറ്റങ്ങൾ ദൃശ്യമാകണം : മന്ത്രി എ.കെ. ശശീന്ദ്രൻ

തദ്ദേശ സ്ഥാപനങ്ങളിലെ മുഴുവൻ ജനപ്രതിനിധികളെയും പങ്കാളികളാക്കി ഒരു ജനകീയ ക്യാമ്പയിനായി വനമേഖലയിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ മാറ്റിയെടുക്കണമെന്ന് വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞു.

ഹരിതകേരളം മിഷന്റെയും വനം വന്യജീവി വകുപ്പിന്റെയും നേതൃത്വത്തിൽ തിരുവനന്തപുരം പി.ടി.പി. നഗറിലെ ഫോറസ്ട്രി പരിശീലന കേന്ദ്രത്തിൽ ആരംഭിച്ച വനമേഖലയിലെ മാലിന്യ പരിപാലനത്തെക്കുറിച്ച് വനസംരക്ഷണ സമിതികൾക്ക് പരിശീലനം നൽകുന്ന മാസ്റ്റർ ട്രെയിനർമാരുടെ ഹരിത പരിശീലന കളരി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. വനമേഖലയിൽ ഏറ്റെടുത്ത് നടപ്പിലാക്കേണ്ട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ താഴേത്തട്ടിലേക്ക് എത്തിക്കാൻ കഴിയണം. ഇത് സംബന്ധിച്ചുള്ള പരിശീലം പൂർത്തിയാക്കുന്നതിനൊപ്പം



വനസംരക്ഷണ മേഖലയിലെ പ്രാദേശിക സമിതികൾ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംയുക്ത ശ്രമം വനം വകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും ഭാഗത്ത് നിന്നുണ്ടാകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ അധ്യക്ഷത വഹിച്ചു. മാലിന്യ സംസ്കരണം സംബന്ധിച്ച പ്രായോഗിക പ്രവർത്തനങ്ങൾ വനമേഖലയിലുണ്ടാകണമെന്ന് ഡോ. ടി.എൻ. സീമ പറഞ്ഞു.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി. അനുപമ ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തി. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്പ്മെന്റ് & ട്രൈബൽ വെൽഫെയർ) ജെ. ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്. വിഷയാവതരണം നടത്തി. ഡി.കെ. വിനോദ്കുമാർ (ഐ.എഫ്.എസ്. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഐ.എച്ച്.ആർ.ഡി) സ്വാഗതവും, നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ നന്ദിയും പറഞ്ഞു. വനം വന്യജീവി വകുപ്പ്, ഹരിതകേരളം മിഷൻ എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരും പ്രതിനിധികളും വിവിധ വിഷയങ്ങളിൽ ക്ലാസ് നയിച്ചു.

## പാറക്വാറി ജല ഉപയോഗം സമഗ്ര പഠന റിപ്പോർട്ട് മന്ത്രി വി.എൻ. വാസവൻ പ്രകാശനം ചെയ്തു

ഹരിതകേരളം മിഷന്റെ സഹകരണത്തോടെ ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗത്തിന്റെ നേതൃത്വത്തിൽ കേരളത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന പാറ ക്വാറികളിലും വെള്ളായണിക്കായലിലും സർവേ നടത്തി തയ്യാറാക്കിയ സമഗ്ര പഠനറിപ്പോർട്ട് സഹകരണം, രജിസ്ട്രേഷൻ, തുറമുഖം മന്ത്രി വി.എൻ. വാസവൻ പ്രകാശനം ചെയ്തു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ. സീമ റിപ്പോർട്ട് ഏറ്റുവാങ്ങി. ഹൈഡ്രോഗ്രാഫിക് ചീഫ് ഹൈഡ്രോഗ്രാഫർ ജിരോഷ് കുമാർ വി. അസിസ്റ്റന്റ് ഹൈഡ്രോഗ്രാഫർ ജിഷ ജോസഫ്,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എൻ.കെ. ഷാജി, നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി.സുധാകരൻ, ഹരിതകേരളം മിഷൻ പ്രോഗ്രാം ഓഫീസർ സതീഷ് ആർ.വി, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ഗ്രീഷ്മ ഗിരീഷ് എന്നിവർ പങ്കെടുത്തു. 2024 ഒക്ടോബർ 8 മുതൽ 10 വരെയാണ് സർവേ നടത്തിയത്. ജലസ്രോതസിന്റെ അടിത്തട്ടിന്റെ ഘടനയും സ്വഭാവവും മനസ്സിലാക്കുന്നതിൽ ബാത്തിമെട്രിക് സർവേകൾ നിർണായക പങ്ക് വഹിച്ചു. ജലാശയത്തിന്റെ ഒഴുക്കിന്റെ ഗതിയും ആഴവും, സ്ഥാനവും പരിവേക്ഷണങ്ങളിലൂടെ കണ്ടെത്തി ഡിജിറ്റൽ മാപ്പ് ചെയ്യതിലൂടെ ജല ആവാസ വ്യവസ്ഥകൾ, പരിസ്ഥിതി സംരക്ഷണത്തിന് സാധ്യതയുള്ള പ്രദേശങ്ങൾ എന്നിവയെക്കുറിച്ചുള്ള വിലപ്പെട്ട വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. ഉയർന്ന കൃത്യതയുള്ള ജി.പി.എസും നൂതന എക്കോസൗണ്ടിംഗ് സാങ്കേതികവിദ്യയും ഇതിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മണ്ണ് പരിശോധനയും ജലഗുണനിലവാര പരിശോധനയും ഈ സർവേയുടെ ഭാഗമായി നടത്തിയിരുന്നു. കേരളത്തിൽ ഉടനീളം ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന



പാറക്വാറി റീചാർജ്ജിങുമായി ബന്ധപ്പെട്ട് ഹൈഡ്രോളജി വകുപ്പ് ഇതിനോടകം സംസ്ഥാനത്തെ 8 പാറക്വാറികളിൽ സർവേ നടപടി പൂർത്തിയാക്കി. ക്വാറികളിലെ ജലം വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഈ സർവേ റിപ്പോർട്ടിലൂടെ സഹായകമാകും.

## ജനകീയ കാൻസർ സ്ക്രീനിംഗിനെ അഭിനന്ദിച്ച് വെയിൽസ് ആരോഗ്യ മന്ത്രി

ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി വെയിൽസ് ആരോഗ്യ വകുപ്പ് മന്ത്രി (ഹെൽത്ത് ആന്റ് സോഷ്യൽ കെയർ കാബിനറ്റ് സെക്രട്ടറി) ജെറമി മൈൽസ് സെക്രട്ടറിയേറ്റിൽ ചർച്ച നടത്തി. സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്ക്ക



രിച്ച് നടപ്പിലാക്കി വരുന്ന ജനകീയ കാൻസർ സ്ക്രീനിംഗിനെ കാബിനറ്റ് സെക്രട്ടറി പ്രത്യേകം അഭിനന്ദിച്ചു. ആരോഗ്യ രംഗത്ത് കേരളം നൂതനവും ജനക്ഷേമകരവുമായ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത്. അതിൽ ഏറ്റവും വലിയ ഉദാഹരണമാണ് 30 വയസിന് മുകളിലുള്ളവർക്ക് കാൻസർ ഉണ്ടോ എന്ന് കണ്ടെത്തുവാനുള്ള സ്ക്രീനിംഗ് പ്രോഗ്രാം. വികസിത രാജ്യങ്ങളിൽ പോലും 40 വയസിന് മുകളിലുള്ളവരെ മാത്രം സ്ക്രീൻ ചെയ്യുമ്പോൾ കേരളത്തിൽ 30 വയസിന് മുകളിലുള്ള എല്ലാവരേയുമാണ് സ്ക്രീൻ ചെയ്യുന്നത്. ഇത്രയും ജനകീയമായി നടക്കുന്നത് ഇവിടെയാണ്.

കാൻസർ സ്ക്രീനിംഗ് മാത്രമല്ല തുടർ പരിശോധനകളും ചികിത്സയും ഉറപ്പാക്കുന്നതായും മന്ത്രി വീണാ ജോർജ് പറഞ്ഞു. ക്യാമ്പയിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്.

## ഒരു മാസത്തിനുള്ളിൽ 10 ലക്ഷത്തിലധികം സ്ത്രീകൾക്ക് കാൻസർ സ്ക്രീനിംഗ്

കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനിൽ പങ്കെടുത്തുകൊണ്ട് 10 ലക്ഷത്തിലധികം (10,69,703) പേർ കാൻസർ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ 1517 ആശുപത്രികളിൽ സ്ക്രീനിംഗിനായുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. സ്ക്രീൻ ചെയ്യതിൽ 42,048 പേരെ തുടർ പരിശോധനകൾക്കായി റഫർ ചെയ്യു. ക്യാമ്പയിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകളെ പ്രധാനമായി ബാധിക്കുന്ന സ്തനാർബുദം,



ഗർഭാശയഗള കാൻസർ എന്നിവയോടൊപ്പം മറ്റ് കാൻസറുകളും സ്ക്രീനിംഗ് നടത്തുന്നുണ്ട്. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർപരിചരണവും ലഭ്യമാക്കുന്നതാണ്. ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടാണ് പരിശോധന.

സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരും സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. സ്വകാര്യ ആശുപത്രി, സ്വകാര്യ ലാബുകൾ എന്നിവരും സഹകരിക്കുന്നുണ്ട്. പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ ഭേദമാക്കാൻ സാധിക്കും.

ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, മാധ്യമ പ്രവർത്തകർ, സെക്രട്ടറിയേറ്റ് ജീവനക്കാർ, ടെക്നോപാർക്ക് ജീവനക്കാർ തുടങ്ങിയവർക്കായി പ്രത്യേക ക്യാമ്പുകളും സംഘടിപ്പിച്ചു. ഇനിയും സ്ക്രീനിംഗിന് വിധേയമായിട്ടില്ലാത്തവർ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലെത്തിയാൽ കാൻസർ സ്ക്രീനിംഗ് നടത്താവുന്നതാണ്.

# സ്കൂളുകൾ സർഗാത്മകതയുടെ കേന്ദ്രങ്ങൾ : മന്ത്രി വി. ശിവൻകുട്ടി

തിരുവനന്തപുരം കിഴാറൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയ മന്ദിരം വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. സ്കൂളുകൾ പഠന സ്ഥലങ്ങൾ മാത്രമല്ല, നവീകരണത്തിന്റെയും സർഗാത്മകതയുടെയും കേന്ദ്രങ്ങളാണെന്ന് മന്ത്രി പറഞ്ഞു.



ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പുതിയ സ്കൂൾ കെട്ടിടങ്ങളുടെ നിർമാണവും, നിലവിലുള്ളവയുടെ നവീകരണവും, വിദ്യാലയങ്ങളിലെത്തുന്ന വിദ്യാർത്ഥികൾക്ക് പരിമിതികളില്ലാതെ പഠിക്കുവാനും വളരുവാനും കഴിയുന്ന അന്തരീക്ഷം സൃഷ്ടിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. 9 മീറ്റർ നീളവും 6 മീറ്റർ വീതിയുമുള്ള നാല് ക്ലാസ് മുറികളും ഗോവണിയും വരാന്തയുമുള്ള ഇരുനില മന്ദിരത്തിന്റെ ആകെ വിസ്തീർണം 4700 ചതുരശ്ര അടിയാണ്. സി.കെ. ഹരീന്ദ്രൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു.

## രാജ്യത്ത് മികച്ച വിദ്യാഭ്യാസം നൽകുന്നത് കേരളം: മന്ത്രി വി. അബ്ദുറഹ്മാൻ




രാജ്യത്തെ തന്നെ മികച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന സംസ്ഥാനം കേരളമാണെന്ന് കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ. മലപ്പുറം പൊന്മുണ്ടം ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഹൈടെക് കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉന്നതിയിലേക്ക് എത്തിക്കാനും കൊഴിഞ്ഞുപോക്ക് കുറയ്ക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതി പ്രകാരം സ്കൂളുകളുടെ പ്രവർത്തന മേൽനോട്ടം പഞ്ചായത്തുകളെ ഏൽപ്പിക്കാൻ കഴിഞ്ഞതും അവർ കൃത്യമായ വികസന മേഖലകൾ ചൂണ്ടിക്കാണിച്ചത് സർക്കാർ നടപ്പിലാക്കിയതു കൊണ്ടാണ് സമഗ്ര വിദ്യാഭ്യാസ പുരോഗതി സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞതെന്ന് മന്ത്രി പറഞ്ഞു. പരിപാടിയിൽ ജില്ലാ പഞ്ചായത്ത് അംഗം ശ്രീദേവി പ്രാക്കുന്ന് അധ്യക്ഷത വഹിച്ചു.

## മുണ്ടേരിയിൽ ലൈഫ് പദ്ധതിയിൽ നിർമിച്ച ഭവനങ്ങളുടെ താക്കോൽ കൈമാറി

കണ്ണൂർ മുണ്ടേരി പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ നിർമിച്ച ഭവനങ്ങളുടെ താക്കോൽ ദാനവും പിഎംഎവൈ ഗുണഭോക്തൃ സംഗമവും മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു. ലൈഫ് മിഷൻ പദ്ധതി ഏറ്റവും ശ്രദ്ധേയമായ സാമൂഹിക ക്ഷേമ പദ്ധതിയാണെന്നും ജനങ്ങളുടെ സഹകരണം ഉണ്ടെങ്കിൽ മാത്രമാണ് നാടിന്റെ സാമൂഹ്യക ക്ഷേമം ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ എന്നും മന്ത്രി പറഞ്ഞു. എല്ലാവിധ സാമൂഹിക മുന്നേറ്റങ്ങളേയും ഏകോപിപ്പിച്ച് കൊണ്ടുപോവുകയാണ് സർക്കാർ. നാടിന്റെ വികസന പ്രവർത്തനങ്ങളിൽ ലക്ഷ്യബോധത്തോടെയും അർപ്പണബോധത്തോടെയും പ്രവർത്തിച്ചതുകൊണ്ടാണ് കേരളം എല്ലാ മേഖലയിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു. ലൈഫ് മിഷനിൽ ഉൾപ്പെട്ട 73 പേരും പിഎംഎവൈ ലിസ്റ്റിലെ 23 പേരുമുൾപ്പെടെ 96 പേർക്കാണ് പഞ്ചായത്തിൽ വീട് വച്ച് നൽകിയത്. ലൈഫ് ഗുണഭോക്താക്കൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 90 ദിവസത്തെ തൊഴിലും നൽകിയിട്ടുണ്ട്. മുണ്ടേരി പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ പഞ്ചായത്ത് പ്രസിഡന്റ് എ. അനിഷ




അധ്യക്ഷയായിരുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കെ. ഷിംന പദ്ധതി വിശദീകരിച്ചു. എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ. പ്രമീള, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ കെ. മുംതാസ്, മുണ്ടേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. പങ്കജാക്ഷൻ, പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ പി.ഗീത, സി. ലത, എച്ച്. അബ്ദുൽ നസീർ, ബ്ലോക്ക് മെമ്പർ കെ. ബിന്ദു, ലൈഫ് മിഷൻ ഡി.എം.സി. എം.പി. വിനോദ് കുമാർ, എടക്കാട് ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. കെ.വി. പ്രസീത, ജനപ്രതിനിധികൾ, രാഷ്ട്രീയപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഹരിത പ്രഖ്യാപനം നടത്തി വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്

തൃശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിത അങ്കണവാടികൾ, ഹരിത അയൽകൂട്ടം, ഹരിത ടൗൺ, ഹരിത കവല തുടങ്ങിയവയുടെ പ്രഖ്യാപനം നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ശാന്തി ഭാസി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് രന്യ ബിനീഷ് അധ്യക്ഷത വഹിച്ചു. ക്യാമ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സെക്രട്ടറി എ. എൽ. തോമസ് സംസാരിച്ചു.

# വനിത ജീവനക്കാർക്കായി മെഗാ ക്യാൻസർ നിർണയ ക്യാമ്പ്

'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' ക്യാമ്പയിന്റെ ഭാഗമായി കോഴിക്കോട് സിവിൽ സ്റ്റേഷനിലെ വനിത ജീവനക്കാർക്കായി ക്യാൻസർ നിർണയ ക്യാമ്പ് സംഘടിപ്പിച്ചു. സ്ത്രീകളെ ബാധിക്കുന്ന മാറിടത്തിലെ അർബുദം, ഗർഭാശയ അർബുദം എന്നിവ നേരത്തെ കണ്ടെത്തി പരിശോധനയും ചികിത്സയും പദ്ധതി ഉറപ്പാക്കുന്നു. മാർച്ച് നാല് മുതൽ ആറ് വരെ തീയതികളിൽ പ്രത്യേക സ്ലോട്ട് നൽകിയാണ് ജീവനക്കാർക്കുള്ള ക്യാൻസർ സ്ക്രീനിംഗ് നടത്തിയത്. ദേശീയ നഗരാരോഗ്യ ദൗത്യത്തിലെ മെഡിക്കൽ ഓഫീസർമാർ, സ്റ്റാഫ് നഴ്സുമാർ, എൻയുഎച്ച്എം കോർഡിനേറ്റർമാർ, ലേഡി ഹെൽത്ത് വിസിറ്റർ എന്നിവരടക്കമുള്ള ടീമാണ് ക്യാമ്പിന് നേതൃത്വം നൽകിയത്.

എറണാകുളം കളക്ടറേറ്റിലും മെഗാ സ്ക്രീനിംഗ് ക്യാമ്പ് സംഘടിപ്പിച്ചു. കളക്ടറേറ്റിലെ വനിതാ ജീവനക്കാർക്കായി സംഘടിപ്പിച്ച സ്ക്രീനിംഗ് ക്യാമ്പ് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് ഉദ്ഘാടനം ചെയ്തു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. കെ. സവിത ക്യാൻസറിനെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സ് എടുത്തു.

## മണീട് മാലിന്യമുക്ത ഗ്രാമപഞ്ചായത്തായി

എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി.



അനുപമ ഐ.എ.എസ്. പ്രഖ്യാപനം നിർവഹിച്ചു. ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് മികച്ച പ്രവർത്തനം നടത്തിയ സ്ഥാപനങ്ങളെ ചടങ്ങിൽ ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് ആദരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പോൾ വർഗീസ് ചടങ്ങിൽ അധ്യക്ഷനായി.

## അങ്കണവാടികൾക്കും ഘടക സ്ഥാപനങ്ങൾക്കുമായി ബിന്നുകൾ

പാലക്കാട് എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ മുഴുവൻ അങ്കണവാടികൾക്കുമായി 40 ബിന്നുകൾ വിതരണം നടത്തുന്നതിന്റെ ഉദ്ഘാടനം വികസന സ്റ്റാന്റിംഗ്




കമ്മിറ്റി ചെയർമാൻ കെ. കുട്ടികൃഷ്ണന്റെ അധ്യക്ഷതയിൽ പ്രസിഡന്റ് കെ. മണികണ്ഠൻ നിർവ്വഹിച്ചു. സെക്രട്ടറി വിജിൽ വി. മോഹൻ സ്വാഗതവും VEO പ്രമോദ് ആർ. നന്ദിയും പറഞ്ഞു. നവകേരളം കർമപദ്ധതി ആർ.പി. പ്രേംദാസ് എസ്.വി. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ തുടർപ്രവർത്തനങ്ങൾ വിശദീകരിച്ചു. മെമ്പർമാരായ ബിന്ദു സി., ജിഷ ജി., ശിവരാമൻ എസ്., രവീന്ദ്രൻ ആർ., VEO അംബികാദേവി ആർ., സീനിയർ ക്ലാർക്ക് ഷീജ പി., കൃഷി അസിസ്റ്റന്റ് സജല കെ., ICDS സൂപ്പർവൈസർ ബിന്ദു സി.കെ. എന്നിവർ പങ്കെടുത്തു.

## അഞ്ചൽ സെന്റ് ജോൺസ് കോളേജ് ഇനി ഹരിത ക്യാമ്പസ്

കൊല്ലം അഞ്ചൽ സെന്റ് ജോൺസ് കോളേജിലെ ഹരിത ക്യാമ്പസ് പ്രഖ്യാപനം ഡയമണ്ട് ജൂബിലി ദിനമായ ഫെബ്രുവരി 28-ന് തിരുവനന്തപുരം അതിരൂപത ബിഷപ്പ് ഡോ. മാത്യൂസ് മാർ പോളികാർപോസ് നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. നിഷ തോമസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ



എസ്. ഐസക് പദ്ധതി വിശദീകരണം നടത്തി. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ കഴിഞ്ഞ 2 വർഷങ്ങളായി നടത്തിയ വിവിധ പ്രവർത്തനത്തെ തുടർന്നാണ് ഹരിത ക്യാമ്പസ് പ്രഖ്യാപിക്കാനായത്. പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവ, അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നതിനായി പ്രത്യേകം ബിന്നുകൾ, ശേഖരിക്കുന്ന അജൈവ മാലിന്യം ഹരിത കർമസേനയ്ക്ക് കൈമാറൽ, ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള കമ്പോസ്റ്റിങ്ങ് സംവിധാനം, ഉപയോഗ ശേഷം പേനകൾ ശേഖരിക്കാൻ പെൻ ഡ്രോപ്പ് ബോക്സുകൾ, ദ്രവമാലിന്യ സംസ്കരണത്തിനായി സോക്ക് പിറ്റുകൾ, കെഎസ്ഇബിയുടെ സഹായത്തോടെ സോളാർ പാനൽ, ഗ്രീൻപ്രോട്ടോക്കോൾ, മഴവെള്ള സംഭരണി തുടങ്ങിയവ ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ പച്ചത്തുരുത്ത്, ജൈവകൃഷി എന്നിവയും പരിപാലിച്ചു വരുന്നു.

## മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ : ഹരിത ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു

മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ പരിപാടിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ ബ്ലോക്ക് തലത്തിൽ ഹരിത ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ജീവനക്കാരും ഉൾപ്പെടുന്ന ടീമുകൾ പങ്കെടുത്തു. ഫൈനൽ മത്സരത്തിൽ പെരിന്തൽമണ്ണ ബ്ലോക്കിനെ പരാജയപ്പെടുത്തി വണ്ടൂർ ബ്ലോക്ക് വിജയികളായി. ഫൈനൽ മത്സരത്തിന് മുന്നോടിയായി മലപ്പുറം നഗരസഭയുടെ ഹരിത കർമസേനയുടെ പ്രദർശന മത്സരവും നടന്നു. വിജയികൾക്ക് മലപ്പുറം ഡി.എം. ഡെപ്യൂട്ടി കളക്ടർ എസ്.എസ്. സരിൻ ട്രോഫികൾ വിതരണം ചെയ്തു.

## 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' സ്ഥാപനങ്ങളിൽ സർവേ ആരംഭിച്ചു

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി കാർബൺ ആഗിരണം, കാർബൺ പുറംതള്ളൽ എന്നിവയുടെ തോത് കണക്കാക്കുന്നതിനായി എല്ലാ ജില്ലകളിലും സർവേ ആരംഭിച്ചു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഹരിതകേരളം മിഷൻ തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് സർവേ നടത്തുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത സ്ഥാപനങ്ങളിലാണ് സർവേ ആരംഭിച്ചത്. ഇതിനായി പരിശീലനം ലഭിച്ച ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ, ഇന്റേൺസ് എന്നിവരടങ്ങുന്ന ടീം സ്ഥാപനങ്ങൾ സന്ദർശിച്ച് അധികൃതരുമായി ചർച്ച നടത്തി. സ്ഥാപന അധ്യക്ഷന്മാരും പ്രധാന പ്രവർത്തകരും ഹരിതകേരളം മിഷൻ പ്രതിനിധികളുമടങ്ങുന്ന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചു. സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണം, വെള്ളം, കൃഷി, ഊർജ്ജം, ഗതാഗതം, പച്ചത്തുരുത്ത്, വൃക്ഷവത്കരണം തുടങ്ങിയ വിവരങ്ങളാണ് ശേഖരിക്കുന്നത്. കാസർഗോഡ് ഗവ. കോളേജിലെ ഗ്രീൻ ആർമി ടീം, നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് പടന്നക്കാടിലെ എൻ.എസ്.എസ്. ടീം എന്നിവർ കാസർഗോഡ് ജില്ലയിലെ സർവേയിൽ പങ്കാളികളായി. ഹരിതകേരളം മിഷൻ കാസർഗോഡ് ജില്ലയിൽ 12 ഗ്രാമപഞ്ചായത്തുകളിലാണ് 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' പദ്ധതി നടപ്പിലാക്കുന്നത്.

## ഹരിതമായി നാട്ടിക ഗ്രാമപഞ്ചായത്ത്

തൃശൂർ നാട്ടിക ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിത സ്ഥാപനം, ഹരിത അംഗൻവാടി, ഹരിത വിദ്യാലയം ഹരിത കലാലയം, ഹരിത ടൂറിസം (നാട്ടിക ബീച്ച്), ഹരിത അയൽക്കൂട്ടം തുടങ്ങിയവയുടെ ഹരിത പദവി പ്രഖ്യാപനം നടത്തി. നാട്ടിക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.ആർ. ദിനേശൻ നിർവഹിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അധ്യക്ഷത വഹിച്ചു.

## മാതൃക ശുചീകരണ പ്രവർത്തനങ്ങളുമായി നഗരൂരിലെ ഹരിത കർമസേന



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനയുടെ മാതൃക ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. നഗരൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ നടക്കുന്ന പൊതു പരിപാടികളിൽ മാലിന്യങ്ങൾ വലിച്ചെറിയപ്പെടാതിരിക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത കർമസേന വാങ്ങിയ 30 ബിന്നുകൾ നഗരൂർ തേക്കിൻകാട് തൃക്കോവിൽ ക്ഷേത്ര ഉത്സവം വലിച്ചെറിയൽ മുക്ത ഉത്സവമാക്കുന്നതിന് വേണ്ടി പഞ്ചായത്ത് പ്രസിഡന്റ് ഡി. സ്മിത ക്ഷേത്ര ഉപദേശക സമിതി സെക്രട്ടറി സി. പ്രദീപിന് നൽകി ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ശ്രീലത കെ. അധ്യക്ഷത വഹിച്ച ചടങ്ങിൽ രേവതി ആർ.എസ്. സ്വാഗതവും പ്രശാന്ത് പി., അനിത പി., സുനിത എസ്. എന്നിവർ ആശംസകളും ഹരിതകേരളം മിഷൻ ആർ.പി. പ്രവീൺ പി. നന്ദിയും അറിയിച്ചു.

## വിദ്യാലയങ്ങളിൽ ഹരിത പ്രഖ്യാപനം നടത്തി വിളയൂർ ഗ്രാമപഞ്ചായത്ത്

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ഹരിത പ്രഖ്യാപനം നടത്തി പാലക്കാട് വിളയൂർ ഗ്രാമപഞ്ചായത്ത്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പത്ത് വിദ്യാലയങ്ങളിൽ ഹരിതചട്ടം ഉറപ്പു വരുത്തിയതിന് ശേഷമാണ് ഹരിത പ്രഖ്യാപനം നടത്തിയത്. ഇതിന്റെ ഭാഗമായി ഈ വിദ്യാലയങ്ങളിൽ പ്ലാസ്റ്റിക്, തുണി, ബോട്ടിൽ, കടലാസ് എന്നിങ്ങനെയുള്ള മാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിക്കുന്നതിനായി നാല് ബിന്നുകൾ സ്ഥാപിച്ചിരുന്നു. ഇതോടൊപ്പം ടോയ്‌ലെറ്റുകളിലും ക്ലാസ് റൂമുകളിലും വിദ്യാലയത്തിന്റെ ചുറ്റുപാടുകളിലുമുള്ള വൃത്തി കൂടി പരിഗണിച്ചാണ് ഹരിത പ്രഖ്യാപനം നടത്തിയത്. ഹരിത പ്രഖ്യാപനത്തിന്റെ സർട്ടിഫിക്കറ്റും ഒരോ സ്കൂളുകൾക്കും കൈമാറി.

## കുട്ടമ്പുഴ, കീരമ്പാറ ഹരിത ടൗൺ പ്രഖ്യാപനം




മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ ഹരിത ടൗൺ പ്രഖ്യാപനം നടന്നു. കുട്ടമ്പുഴ ജംഗ്ഷൻ ആണ് ഹരിത ടൗൺ ആയി പ്രഖ്യാപിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് കാന്തി വെള്ളക്കയ്യൻ പ്രഖ്യാപന ചടങ്ങ് ഉദ്ഘാടനം നിർവഹിച്ചു. ഓരോ കടകൾക്ക് മുൻപിലും വയ്ക്കുവാനുള്ള 50 ചട്ടി പൂച്ചെടികൾ ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് കൈമാറി. കീരമ്പാറ പഞ്ചായത്തിലെ കീരമ്പാറ, പുന്നേക്കാട് ടൗണുകൾ പഞ്ചായത്ത് പ്രസിഡന്റ് ഗോപി എം.പി. ഹരിത ടൗണുകളായി പ്രഖ്യാപിച്ചു. കടകളുടെ മുൻപിൽ വയ്ക്കുവാനുള്ള പൂച്ചെടികൾ സ്പോൺസർഷിപ്പ് വഴി നൽകി. വ്യാപാരി വ്യവസായികളുടെ സഹകരണത്തോടെ ചെടികളുടെ പരിപാലനം ഉറപ്പാക്കും.

# അടിമാലി ടൗൺ മെഗാ ശുചീകരണ യജ്ഞം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഇടുക്കിയിലെ അടിമാലി ടൗൺ കേന്ദ്രീകരിച്ചു മെഗാ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സൗമ്യ അനിൽ ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡന്റ്




അനസ് ഇബ്രാഹിം അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ആർ. നന്ദകുമാർ ക്യാമ്പയിൻ സംബന്ധിച്ച വിശദീകരണം നൽകി. അടിമാലി ബസ് സ്റ്റാൻഡ് ഉൾപ്പെടെ 4 കേന്ദ്രങ്ങളിൽ ഗ്രൂപ്പുകൾ ആയി തിരിഞ്ഞ് ശുചീകരണം നടത്തി. പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വാർഡ് മെമ്പർമാർ, പഞ്ചായത്ത് സ്റ്റാഫുകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, ആശ വർക്കേഴ്സ്, ആരോഗ്യ പ്രവർത്തകർ, അധ്യാപകൻ, കാർമൽ ഗിരി കോളജ്, മാർ ബെസിലിയസ് കോളജ്, മോണിംഗ് സ്റ്റാർ നഴ്സിംഗ് കോളജ്, ബി.എഡ്. കോളജ് വിദ്യാർഥികൾ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ ആർ.പി. മാർ തുടങ്ങിയവർ പങ്കെടുത്തു. ടൗണിൽ ഉൾപ്പെടുന്ന പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു.

# എയ്റോ ഫെർട് വിപണിയിൽ

തുമ്പൂർമുഴിയിൽ സംസ്കരിക്കുന്ന ജൈവ മാലിന്യത്തെ 'എയ്റോ ഫെർട്' എന്ന സമ്പുഷ്ടീകരിച്ച ജൈവ വളം പാക്കറ്റിലാക്കി വിൽക്കാനൊരുങ്ങി ആലപ്പുഴ നഗരസഭ. നഗരത്തിലെ 36 സ്ഥലങ്ങളിൽ സജ്ജീകരിച്ചിരിക്കുന്ന 400 ഓളം തുമ്പൂർമുഴി എയ്റോബിക് സംവിധാനം വഴിയാണ് ജൈവ മാലിന്യം കൈകാര്യം ചെയ്യുന്നത്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിലെ പ്രധാന ഘടകങ്ങളിലൊന്നായ വികേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണത്തിലെ മാതൃകാ പ്രവർത്തനമാണിത്. ജൈവമാലിന്യം 45 ദിവസം കൊണ്ട് ജൈവവളമായി മാറുന്നു. തുടർന്ന് അരിച്ചെടുത്ത് 5 കിലോഗ്രാം പാക്കറ്റുകളാക്കി വിൽപ്പനയ്ക്ക് തയ്യാറാക്കുന്നു. കിലോ 15 രൂപ നിരക്കിൽ എയ്റോ ഫെർട് ജൈവവളം ലഭ്യമാക്കുന്നു.

# മലപ്പുറം ഹരിത ഗ്രന്ഥശാല ശിൽപ്പശാല



മലപ്പുറം ജില്ലാ ലൈബ്രറി കൗൺസിലും ഹരിതകേരളം മിഷനും സംയുക്തമായി ഹരിത ഗ്രന്ഥശാല ശിൽപ്പശാല ലക്ഷ്യം വിശദീകരിച്ചു. ഹരിത ഗ്രന്ഥശാല മാനദണ്ഡങ്ങൾ ഹരിതകേരളം മിഷൻ ടെക്നിക്കൽ അസിസ്റ്റന്റ് വിശദമാക്കി. ലൈബ്രറികൾ ഹരിത പദവി കൈവരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ, മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ വ്യക്തമാക്കി. ലൈബ്രറി കൗൺസിൽ താലൂക്ക് ഭാരവാഹികളും ശിൽപ്പശാലയിൽ പങ്കെടുത്തു.

# ചീങ്ങേരി സാഹസിക വിനോദ സഞ്ചാരകേന്ദ്രം ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി വയനാട് അമ്പലവയൽ ഗ്രാമ പഞ്ചായത്തിലെ ചീങ്ങേരി സാഹസിക വിനോദ സഞ്ചാര കേന്ദ്രം ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ടൂറിസം കേന്ദ്രത്തിൽ വെച്ച് നടത്തി. അമ്പലവയൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. ഷമീർ ചീങ്ങേരി സാഹസിക വിനോദ സഞ്ചാര കേന്ദ്രം മാനേജർ ബിജു ജോസഫിന് സർട്ടിഫിക്കറ്റ് കൈമാറി.

ചടങ്ങിൽ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ ജെസ്സി ജോർജ്, ഡിറ്റിപിസി മാനേജർ പ്രവീൺ പി.പി., ചീങ്ങേരി സാഹസിക ടൂറിസം കേന്ദ്രം മാനേജർ ബിജു



ജോസഫ്, പഞ്ചായത്ത് HI ഉണ്ണിക്കണ്ണൻ ആർ., ഹരിതകേരളം മിഷൻ ആർ.പി. അഖിയ തുടങ്ങിയവർ സംസാരിച്ചു.



## ഹരിതകേരളം മിഷൻ

# പരിസ്ഥിതി സംഗമം

**2025 മാർച്ച് 24,25 തിരുവനന്തപുരം**

2025 ലെ ലോക ജലദിനത്തിന്റെ പ്രതിപാദ്യ വിഷയം 'ഹിമാനികളുടെ സംരക്ഷണം' എന്നതാണ്. പാരിസ്ഥിതിക മേഖലയിൽ ഹരിതകേരളം മിഷന്റെ ഏകോപനത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ നടത്തിയ പ്രവർത്തനങ്ങളുമായി ഏറെ ചേർന്നു നിൽക്കുന്നതാണ് ഈ വിഷയം. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനവും സാങ്കേതിക സാമ്പത്തിക പിന്തുണയും ഉറപ്പാക്കിയാണ് ഈ മേഖലയിൽ നമുക്ക് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുള്ളത്.

ഇന്ത്യയിൽ ആദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ജലബജറ്റ് തയ്യാറാക്കി ജലസുരക്ഷാ പ്രവർത്തനങ്ങളിലേക്കു പോകുവാൻ നമുക്കു സാധിച്ചിട്ടുണ്ട്. 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' ക്യാമ്പയിന്റെ ഭാഗമായി നീർച്ചാലുകളുടെ മാപിംഗ് ശാസ്ത്രീയമായി, കൃത്യതയോടെ നടത്തി അവയുടെ വീണ്ടെടുപ്പിനു തുടക്കം കുറിച്ചിട്ടുണ്ട്. 'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിന്റെ മൂന്നാംഘട്ടം പുരോഗമിക്കുമ്പോൾ നീർച്ചാലുകളുടെ വീണ്ടെടുപ്പിൽ ഗണ്യമായ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ജല പരിശോധന ഗ്രാമീണ തലത്തിൽ നടത്തുന്നതിനായി ഹയർസെക്കൻഡറി സ്കൂളുകളിൽ സ്ഥാപിച്ച ജല ഗുണനിലവാര പരിശോധന ലാബ് രാജ്യത്തിനു തന്നെ മാതൃകയാണ്.

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ നെറ്റ് സീറോ കാർബൺ 2050ൽ കൈവരിക്കുന്നതിന് സഹായകരമായ മാർഗ്ഗരേഖ തയ്യാറാക്കി, മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ ഫീൽഡുതല പരിശോധനകൾ നടത്തി വരികയാണ്.

സംസ്ഥാന സർക്കാരിന്റെ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിത ടൂറിസം കേന്ദ്രങ്ങൾ, ഹരിത ടൗണുകൾ, ഹരിത സ്ഥാപനങ്ങൾ, ഹരിത വിദ്യാലയങ്ങൾ, ഹരിത കലാലയങ്ങൾ തുടങ്ങിയവ സംസ്ഥാനത്താകെ സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ജനകീയ പങ്കാളിത്തത്തോടെ ഇത്തരത്തിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, വ്യക്തികൾ, വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ തുടങ്ങിയവരുടെ അനുഭവം പങ്കുവയ്ക്കുന്നതിനും വിദഗ്ധരുടെ അഭിപ്രായം തേടുന്നതിനും ശ്രദ്ധേയമായ പ്രവർത്തനം നടത്തിയവരെ ആദരിക്കുന്നതിനുമായുള്ള 'പരിസ്ഥിതി സംഗമം' ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ 2025 മാർച്ച് 24, 25 തീയതികളിൽ സംഘടിപ്പിക്കുകയാണ്. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കുന്ന പരിസ്ഥിതി സംഗമത്തിൽ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ പങ്കെടുക്കുന്നു.

കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ/മറ്റു സ്ഥാപനങ്ങളിലെ പ്രതിനിധികൾ ഈ സംഗമത്തിൽ പങ്കെടുക്കുന്നുണ്ട്. പരിസ്ഥിതി ജലസംരക്ഷണ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുകരിക്കാവുന്ന സാധ്യതകൾ ബോധ്യപ്പെടുത്തി കൊടുക്കുവാനും ലക്ഷ്യമിടുന്നു. നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ, ശുചിത്വ-മാലിന്യ സംസ്കരണം, ജല സുരക്ഷ, കൃഷി പുനഃസ്ഥാപനം, പരിസ്ഥിതി പുനഃസ്ഥാപനം എന്നീ മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനം നടത്തിയവരുടെ അവതരണം സംഗമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## 'ഇനി ഞാൻ ഒഴുകട്ടെ' മൂന്നാം ഘട്ടത്തിന് തുടക്കമിട്ട് പെരിങ്ങര

പത്തനംതിട്ട പെരിങ്ങര ഗ്രാമപഞ്ചായത്തിലെ 'ഇനി ഞാൻ ഒഴുകട്ടെ' മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എബ്രഹാം തോമസ് നിർവഹിച്ചു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്. പഞ്ചായത്തിലെ ചാത്തങ്കേരി വളവനാരി തോട് ശുചീകരണ പ്രവർത്തനത്തിനാണ് തുടക്കം കുറിച്ചത്. പ്രവർത്തനങ്ങളുടെ ഭാഗമായി നീർച്ചാൽ നടത്തം, ജനകീയ വീണ്ടെടുപ്പ്, വൃത്തിയാക്കൽ തുടങ്ങിയവ നടത്തി.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246